3. Statistics of Exports and Imports to be published by the Industries Department.

മിസ്റ്റർ ബി. എം. പീറർ: നമ്മുടെ സംസ്ഥാനത്തുനിന്നു പുറരാജ്യങ്ങളിലേക്കു കയറ്റി അയക്കുന്നവയും വിദേശങ്ങളിൽനിന്നു ഇവിടെ ഇറക്കുമതി ചെയ്യപ്പെടുന്നവയുമായ പ്രധാനചരക്കുകളുടെ ശരിയായ കണക്കു കൊല്ലം തോറും ഇവിടത്തെ വ്യവസായ ഡിപ്പാർട്ട്മെണ്ടിൽനിന്നു പൊതുജനങ്ങളുടെ അറിവിലേക്കു പ്രസിദ്ധപ്പെടുത്തേണ്ടതാണെന്നു ബഹുമാനപ്പെട്ട ഗവൺമെൻറിനോടു ശുപാർശചെയ്യുന്നു. ഇതാണ് എന്റെ പ്രമേയം. ഈ പ്രമേയത്തിന്നു ഗവൺമെൻറുഭാഗത്തുനിന്നു എതിർപ്പുണ്ടാകയില്ല എന്നാണ് എന്റെ വിശ്വാസം.

Mr. P. J. George (*Joint Secretary to Government*): Necessary action has been taken in the matter to furnish the information.

Mr. B. M. Peter (*Latin Christians-Mattancheri*): I do not move the resolution.

Mr. Ismail Hajee Easa Sait (*Mattancheri*): How long will it take?

Mr. P. J. George (*Joint Secretary to Government*): We are in possession of statistics regarding export. Only with regard to the figures from the railway we have to collect the statistics. We have made some arrangements.

Mr. L. M. Pylee (*Latin Christians-Ernakulam*): Will that give information exclusively for Cochin State? If it does not we can get the information from the Chamber of Commerce. The purpose of the resolution is to get figures for Cochin exclusively, of imports and exports, into and from Cochin State.

Mr. P. J. George (*Joint Secretary to Government*): It will be very difficult. Anyhow it will be attempted.

മിസ്റ്റർ ബി. എം. പീറർ: ഞാൻ ഉദ്ദേശിക്കുന്നതു ഇവിടെനിന്നു പുറരാജ്യങ്ങളിലേക്കു കയറ്റി അയക്കുന്നവയും പുറരാജ്യങ്ങളിൽനിന്നു ഇവിടെ ഇറക്കുമതി ചെയ്യുന്നവയേയും മാത്രംകുറിച്ചാണ്.

Mr. Deputy President: The resolution has not been moved. I cannot allow a detailed debate on that.

4. Preference to be given to Vettuvan, Parayan, Kanakkan, etc., in the matter of appointments.

മിസ്റ്റർ കെ. പി. വള്ളോൻ: പ്രസിഡണ്ട് സർ, "വേട്ടുവൻ, പറയൻ, കണക്കൻ മുതലായ അധഃകൃതസമുദായങ്ങൾക്കു, ഉദ്യോഗകാര്യങ്ങളിൽ പ്രത്യേകപ്രാതിനിദ്ധ്യം അനുവദിക്കണമെന്നു ഈ യോഗം ബഹുമാനപ്പെട്ട ഗവൺമെൻറിനോടു അഭ്യർത്ഥിക്കുന്നു." ഇതാണ് എന്റെ പ്രമേയം. ഈ പ്രമേയത്തിൽ പറയുന്ന സമുദായക്കാർക്കു ഉദ്യോഗനിയമനങ്ങൾ നൽകിവ

LIBRARY ARCHIVES Kerala Legislative Assembly

ുന്നതു് ഇതരഹിന്ദുക്കളുടെ കൂട്ടത്തിലാണു്. ഈ സമുദായങ്ങൾക്കു് ന്യായമായവിധത്തിൽ ഉദ്യോഗപ്രാതിനിദ്ധ്യം ലഭിയ്ക്കുന്നില്ലാത്തതുകൊണ്ടു് അവർക്കു പ്രത്യേക പ്രാതിനിദ്ധ്യം അനുവദിയ്ക്കേണ്ടതു അത്യാവശ്യമായിട്ടുള്ള ഒന്നാണു്. ജനസംഖ്യയനുസരിച്ചു് ഈ സമുദായങ്ങൾക്കു് ഓരോയൊരോയായി പ്രാതിനിദ്ധ്യം കൊടുക്കുവാൻ നിവൃത്തിയില്ലെങ്കിൽ ഒട്ടധികംപേരുള്ള പ്രമേയത്തിൽ പറഞ്ഞ അധഃകൃതസമുദായങ്ങളെ ഒന്നാകെ ചേർത്തു് അവരുടെ ജനസംഖ്യ അനുസരിച്ചു ഉദ്യോഗരംഗത്തിൽ പ്രത്യേക പ്രാതിനിദ്ധ്യം കൊടുക്കേണ്ടതു് അത്യാവശ്യമായിട്ടുള്ളതാണു്. ഹിന്ദുക്കളുടെയിടയിൽ പെട്ടതായിട്ടുള്ള അധഃകൃതരുടെ നിയമനത്തെ സംബന്ധിച്ചു നോക്കുകയാണെങ്കിൽ അവരുടെ സംഖ്യ വളരെ കുറവായിട്ടാണെകാണുന്നതു്. ഏറ്റവും വിഷമം അനുഭവിയ്ക്കുന്ന പറയസമുദായത്തിൽനിന്നു് ഒന്നോ, രണ്ടോപേർ മാത്രമേ സ്കൂൾ ഫൈനൽ പരീക്ഷ പാസായിട്ടുള്ളൂ. അവരും ഉദ്യോഗം കിട്ടാതെ വെറുതെയിരിയ്ക്കുകയാണു ചെയ്യുന്നതു്. ഗവൺമെൻറിൽനിന്നും വിദ്യാഭ്യാസകാര്യത്തിലും മറ്റും അവർക്കുവേണ്ട ആനുകൂല്യങ്ങൾ ചെയ്തുകൊടുക്കുന്നുണ്ടു്. എന്നാൽ അങ്ങിനെയുള്ള ആനുകൂല്യങ്ങൾ ചെയ്തുകൊടുത്തു് സ്കൂൾഫൈനൽ പാസാകുന്നവർക്കു് ഉദ്യോഗം കൊടുക്കുന്നതിനുള്ള ഒരു നിലകൂടി ഉണ്ടാക്കിവെച്ചില്ലെങ്കിൽ അതു വളരെ കഷ്ടമാണു്. അവർ സാധാരണ കൂലിവേല ചെയ്താൽപോലും ഉപജീവനം കഴിക്കുവാൻ സാധിക്കാത്തവരാണു്. ഗവൺമെൻറിൽനിന്നു ലഭിയ്ക്കുന്ന സഹായംകൊണ്ടു വളരെ കഷ്ടപ്പെട്ടാണു് അവർ സ്കൂൾഫൈനൽവരെ പഠിയ്ക്കുന്നതു്. അങ്ങിനെയുള്ളവർക്കു് ഉദ്യോഗം കൊടുക്കുന്ന വിഷയത്തിലും ഗവൺമെൻറിൽനിന്നു വേണ്ടുന്ന ആനുകൂല്യങ്ങൾ ചെയ്യുന്നില്ലെങ്കിൽ അതു വളരെ കഷ്ടമാണു്.

ഒരു ബഹുമാനപ്പെട്ട മെമ്പർ ഇതിന്നു് ഒരു ഭേദഗതികൊണ്ടുവന്നിട്ടുണ്ടു്. ആ ഭേദഗതിയിലെ തത്വംതന്നെ എന്താണെന്നു് എനിയ്ക്കു മനസ്സിലാകുന്നില്ല. അദ്ദേഹം പറയുന്നതു് "ചിറയർ, തലപ്പിള്ളി എന്നീ താലൂക്കുകളിലെ വേട്ടുവർ, പറയർ, കണക്കർ എന്നീ സമുദായങ്ങളെ ഉദ്യോഗം കൊടുക്കുന്നവിഷയത്തിൽ പുലയരെപ്പോലെ കണക്കാക്കണം" എന്നാണു്. പക്ഷെ അങ്ങിനെയാണെങ്കിൽതന്നെയും ഈ സ്റ്റേറ്റൊട്ടുക്കുള്ള അധഃകൃതരെ ബാധിയ്ക്കുന്നതരത്തിലായിരുന്നാൽ ഞാനും സമ്മതിയ്ക്കുമായിരുന്നു. കുറെദിക്കിലുള്ള പറയർ, കണക്കർ, മുതലായ ആളുകളെ മാറിനിറുത്തി ബാക്കിയുള്ളവരെ പുലയരെപോലെ കണക്കാക്കണമെന്നു പറയുന്നതിൽ അർത്ഥമുണ്ടെന്നു തോന്നുന്നില്ല. ഈ ഭേദഗതിയിൽ പറയുന്നതു പുലയർക്കു കൊടുക്കുന്നതുപോലെയുള്ള ഉദ്യോഗങ്ങൾ ജനസംഖ്യ അനുസരിച്ചു അവർക്കു കൊടുക്കുന്നതുകൊണ്ടു യാതൊരു വിരോധവുമില്ലെന്നാണു്. ഭേദഗതികൂടാതെ ആയാലും അല്ലെങ്കിലും എന്റെ പ്രമേയം സ്വീകരിക്കുന്നതായാൽ പുലയർക്കു കിട്ടാവുന്ന ഉദ്യോഗങ്ങൾ ഒന്നും പോകുകയില്ല. ഞാൻ അധികമൊന്നും പറയുന്നില്ല. ഗവൺമെണ്ടും ജനപ്രതിനിധികളും പ്രത്യേകം ശ്രദ്ധവെച്ചു എന്റെ പ്രമേയത്തെ ഈ ഭേദഗതികൂടാതെതന്നെ അനുവദിക്കണമെന്നുള്ള അപേക്ഷയോടുകൂടി ഈ സഭയുടെ ആലോചനക്കായി അവതരിപ്പിച്ചുകൊള്ളുന്നു.

Mr. V. K. Kutty (*Nominated*): I second it.

മിസ്റ്റർ സി. വി. ഇയ്യു: സർ, എന്റെ ഭേദഗതിയുടെ ഉദ്ദേശം വടക്കൻ താലൂക്കുകളിൽ ഉള്ള അധഃകൃതർക്കു ഉദ്യോഗം കിട്ടുന്നില്ലെന്നസംഗതിക്കു എന്തെങ്കിലുംഒരു പരിഹാരമുണ്ടാക്കണമെന്നുള്ളതാണു്. ആ പ്രദേശത്തുള്ള അധഃകൃതരുടെജനസംഖ്യ അനുസരിച്ചുള്ള പ്രാതിനിദ്ധ്യം കൊടുക്കാമെന്നു ഗവൺമെണ്ടുസമ്മ

LIBRARY ARCHIVES Kerala Legislative Assembly

തിക്കുന്നപക്ഷം എന്റെ ഭേദഗതിയുടെ ഉദ്ദേശം സാധിക്കുന്നതാണു്. മിസ്റ്റർ വള്ളോന്റെ പ്രമേയംകൊണ്ടുദ്ദേശിക്കുന്നതു അധഃകൃതരായ പുലയർ ഒരു ഭൂരിപക്ഷസമുദായമാണെന്നും, അവക്കു വേണ്ടത്ര പ്രാതിനിദ്ധ്യം കിട്ടുന്നില്ലെന്നു സ്ഥാപിക്കുന്നതിനുവേണ്ടിയാണു" അധഃകൃതരായ വേട്ടുവർ, കണക്കർ, പറയർ മുതലായവക്കു വെവ്വേറെ വീതംവെച്ചു ഉദ്യോഗം കൊടുക്കമെന്നും ആവശ്യപ്പെട്ടിട്ടുള്ളതായി ഞാൻ മനസ്സിലാക്കിയിട്ടുള്ളതു".

മിസ്റ്റർ കെ. അയ്യപ്പൻ : സർ, ഉദ്യോഗനിയമനവിഷയത്തിൽ പുലയക്കുള്ളതുപോലെ മറ്റുള്ളവക്കും കൂടി ഉണ്ടാക്കണമെന്നാണു് ബഹുമാനപ്പെട്ട മെമ്പർ പറയുന്നതു".

മിസ്റ്റർ സി. വി. ഇയ്യു : വടക്കൻതാലൂക്കുകളെ സംബന്ധിച്ചിടത്തോളം അങ്ങിനെ കണക്കാക്കുവാൻ പാടില്ലെന്നാണു ഞാൻ പറയുന്നതു്. എന്റെ അറിവിൽ പെട്ടിടത്തോളം ചിറയ്ക്കൽ താലൂക്കിലും തലപ്പള്ളി താലൂക്കിലും പുലയർ വളരെ കുറച്ചു ഉള്ളൂ. സ്കൂൾഫൈനൽ പാസ്സായി സ്റ്റാഫ് സിലക്ഷൻ ബോർഡിലേക്കു അപേക്ഷ അയച്ചിട്ടു് രണ്ടുകൊല്ലമായിട്ടും ഉദ്യോഗം കിട്ടാത്ത അധഃകൃതരും ഉണ്ടു".

Mr. Deputy President : Do you mean by your amendment that this resolution should not apply to the northern taluks? I wish to know what exactly you mean by the amendment?

Mr. C. V. Iyyu (*Kunnamkulam*): That is not what I mean. If any special consideration is to be given to any section of the depressed classes it should not affect the northern taluks.

മിസ്റ്റർ കെ. അയ്യപ്പൻ : വടക്കൻതാലൂക്കുകളിൽ പുലയർ അധികം ഇല്ലാത്തതുകൊണ്ടു അവിടെയുള്ള അധഃകൃതരായ മറ്റു ജാതിക്കാക്കു് പുലയക്കു കൊടുത്തുവരുന്ന പ്രാതിനിദ്ധ്യം കൊടുക്കണമെന്നാണു് ഈ ഭേദഗതിയുടെ അർത്ഥം എന്നു തോന്നുന്നു.

മിസ്റ്റർ സി. വി. ഇയ്യു : പുലയർ എന്ന ജാതി അവിടങ്ങളിൽ വളരെ കുറവാണു".

മിസ്റ്റർ കെ. പി. കണ്ണൻനായർ : ഈ അമൻറുമെൻറിനു യാതൊരു അർത്ഥവുമില്ല.

മിസ്റ്റർ സി. വി. ഇയ്യു : നൂറുക്കു് ആറു വീതം ഉദ്യോഗം അധഃകൃതർക്കു കൊടുത്തുവരുന്നതിൽ പുലയർക്കു നാലു വീതം കൊടുക്കുന്നതായിട്ടാണു കാണുന്നതു്. വേട്ടുവൻ, പറയൻ, കണക്കൻ മുതലായ ജാതിക്കാർ കൊച്ചിരാജ്യത്തു അധികമായുള്ള അധഃകൃതരിൽ വളരെ ന്യൂനപക്ഷക്കാരാണു്. അതുതന്നെയിൽ ഉള്ള ആളുകൾ ഇവിടങ്ങളിൽ വളരെ കുറവും വടക്കൻതാലൂക്കുകളിൽ വളരെ കൂടുതലുമാണു്. അങ്ങിനെയുള്ളവർക്കു ഇവിടത്തെ രീതിയിൽതന്നെ വടക്കൻതാലൂക്കുകളിലും ശതമാനം ഇത്രയെന്നു തീർച്ചപ്പെടുത്തിയാൽ അവിടെയുള്ളവരുടെ പ്രാതിനിദ്ധ്യത്തിന്റെ സംഖ്യ കുറഞ്ഞുപോകുവാൻ എളുപ്പമുണ്ടു്. അതുകൊണ്ടു ഇവിടെ പുലയരെ കണക്കാക്കുന്ന മാതിരിയിൽതന്നെ വടക്കൻതാലൂക്കുകളിലുള്ള അധഃകൃതരേയും പരിഗണിക്കണമെന്നാണു് ഞാൻ എന്റെ ഭേദഗതികൊണ്ടു് ആവശ്യപ്പെടുന്നതു".

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. അയ്യപ്പൻ ബഹുമാനപ്പെട്ട കുന്നംകുളം മെമ്പർ ആവശ്യപ്പെട്ടതെന്താണെന്നു അദ്ദേഹത്തിനുതന്നെ നല്ല നിശ്ചയമില്ല. ഇവിടത്തെ സ്റ്റാഫ് സിലക്ഷൻ ബോർഡിന്റെ പേർസന്റേജ് സംബന്ധിച്ചു നല്ല നിശ്ചയമില്ലാതെയാണദ്ദേഹം ഈ അമൻഡുമെന്റ് കൊണ്ടുവന്നിട്ടുള്ളതു്. അതാണദ്ദേഹത്തിനുള്ള കുഴപ്പം. മിസ്റ്റർ വള്ളോൻ പുലയക്കും മറവക്കുമുള്ള കൂടി ഇതു പെർസന്റേജ് എന്നുള്ളതു പുലയക്കു മാത്രം ഇതു, മറവുള്ളവക്കിതു എന്നു വേർതിരിച്ചുകൊടുക്കണം എന്നുള്ള സംശതിയാണു പ്രമേയംകൊണ്ടുദ്ദേശിക്കുന്നതെന്നു തെറ്റിദ്ധരിച്ചതുകൊണ്ടാണു് മെമ്പർക്കുള്ള ഈ കുഴപ്പം വന്നിട്ടുള്ളതു്. വാസ്തവത്തിൽ ഈ പ്രമേയത്തിന്റെ ഉദ്ദേശത്തിനു യാതൊരു കുഴപ്പവുമില്ല. എന്തായാലും മിസ്റ്റർ വള്ളോൻ അദ്ദേഹത്തിന്റെ പ്രസംഗത്തിൽ ഇവിടെ പറയാത്തതിൽ കൂടുതലായി ഗവൺമെൻറിനു സൂചകമ്പും കൊടുക്കുന്ന ഒരു സംശതികൂടി സമ്മതിച്ചിട്ടുണ്ടു്. പുലയക്കു പെർസന്റേജനുസരിച്ചു കൊടുത്തുവരുന്നുണ്ടെങ്കിലും ബാക്കിയുള്ള അധഃകൃതരെ അനേകം സമുദായങ്ങളുള്ള ഒരു ഗ്രൂപ്പായി ചേർത്തിട്ടുള്ളതുകൊണ്ടു അവക്കു ഉദ്യോഗത്തിൽ ശരിയായ പ്രാതിനിദ്ധ്യം കിട്ടാതെവരുന്നു. മിസ്റ്റർ വള്ളോന്റെ പ്രമേയം സ്വീകരിക്കുന്ന പക്ഷം ഈ ഭേദഗതി കൊണ്ടുവന്ന ബഹുമാനപ്പെട്ട മെമ്പർ ഉദ്ദേശിക്കുന്നതിലും കൂടുതലായ ഗുണമാണു കിട്ടുവാൻ പോകുന്നതു്. അതുകൊണ്ടു ഞാൻ ഈ പ്രമേയത്തെ പിൻതാങ്ങുകയും ഭേദഗതിയെ എതിർക്കുകയുമാണു ചെയ്യുന്നതു്. വേട്ടുവർ, പറയർ, കണക്കർ മുതലായ സമുദായങ്ങളിൽ ഉദ്യോഗത്തിനു ആവശ്യമുള്ളിടത്തോളം വിദ്യാഭ്യാസം സിദ്ധിച്ചവർ വളരെ ചുരുക്കമേയുള്ളു. അങ്ങിനെയുള്ളവരിൽ ഉദ്യോഗം കിട്ടാത്തവർ ഉണ്ടെങ്കിൽ അവക്കു ഉദ്യോഗം കൊടുക്കണം. അതിനു എതിരായി ഒരു ന്യായവും പറയുവാനില്ല. അങ്ങിനെ വിദ്യാഭ്യാസം സിദ്ധിച്ചവരുണ്ടെങ്കിൽ അവക്കു ഉദ്യോഗം കൊടുക്കുന്നതിനു തീർച്ചയായും ഒരു വ്യവസ്ഥയുണ്ടാക്കേണ്ടതാണു്. അവക്കു ഉദ്യോഗം കിട്ടുവാനെന്തെങ്കിലും വിഷമമുണ്ടെങ്കിൽ അതു അവരുടെ വിദ്യാഭ്യാസത്തിനു ഒരു പ്രതിബന്ധവുമായിരിക്കും. കണക്കർ, വേട്ടുവർ, പറയർ മുതലായ സമുദായക്കാരെ മറവുള്ള സമുദായങ്ങളുടെ ഇടയിൽപ്പെടുത്തി അവക്കു ഉദ്യോഗം കിട്ടുന്നില്ല എന്നുണ്ടെങ്കിൽ അതിനു് സ്റ്റാഫ് സിലക്ഷൻ ബോർഡിനെ കുറ്റം പറഞ്ഞിട്ടു കാര്യമില്ല. ആ നിലയിൽ സ്റ്റാഫ് സിലക്ഷൻ ബോർഡുകാർ എത്ര അനുകമ്പയോടുകൂടി പെരുമാറിയാലും അവക്കു ഈ സമുദായങ്ങളോടു ഒരു നീതി ചെയ്യുവാൻ സാധിക്കയില്ല. അതുകൊണ്ടു ബഹുമാനപ്പെട്ട മെമ്പർ അവതരിപ്പിച്ചിരിക്കുന്ന ഈ നിശ്ചയത്തിൽ പറയുന്നതുപോലെ ഇവരെ വേറെ ഒരു ഗ്രൂപ്പായി കണക്കാക്കേണ്ടതാണു്.

മിസ്റ്റർ കെ. പി. കണ്ണൻനായർ : സ്റ്റാഫ് സിലക്ഷൻ രൂൾസനുസരിച്ചു ഓരോ സമുദായക്കാരേയും പ്രത്യേകം ഗ്രൂപ്പുകളായി തിരിച്ചിട്ടുള്ളതിൽ പറയുന്ന വേട്ടുവൻ, പറയൻ, കണക്കൻ മുതലായ ചില സമുദായക്കാരെ Other Hindus Backward or Depressed എന്നുള്ള ഒരു ഗ്രൂപ്പിലാണു് ഇപ്പോൾ ഉൾപ്പെടുത്തിട്ടുള്ളതു്. അവക്കു ഒരു പ്രത്യേക പെർസന്റേജും നിശ്ചയിച്ചിട്ടുണ്ടു്. അങ്ങിനെ പെർസന്റേജു കണക്കാക്കികൊടുക്കുന്നതിൽ ഈ മാതിരിയുള്ള സമുദായക്കാരെ പ്രത്യേകിച്ചു വേർതിരിച്ചുകൊടുക്കണമെന്നാണു് പറയുന്നതു. പറയസമുദായത്തിൽനിന്നു് ഒന്നോ രണ്ടോ Qualified hands അപേക്ഷ അയച്ചിട്ടും അവക്കു ഉദ്യോഗം കൊടുക്കുവാൻ കഴിയുന്നില്ലെന്നു മിസ്റ്റർ വള്ളോൻ പറഞ്ഞതിൽ എത്രത്തോളം വാസ്തവമുണ്ടെന്നു എനിക്കറിഞ്ഞുകൂടാ. വേട്ടുവൻ, കണക്കൻ എന്നീ സമുദായങ്ങളിലെ Qualified hands-നു ഉദ്യോഗം കൊടുത്തിട്ടുണ്ടു്. Acting hands-നു സീനിയോറിറ്റിപ്രകാരം ഉദ്യോഗം കൊടു

LIBRARY ARCHIVES Kerala Legislative Assembly

ക്കണമെന്നുള്ള രൂപം അനുസരിച്ചു Acting service കൂടി ഗണിക്കാതെ ഇതര സംഗതികളിൽ വളരെ വിശാലമനസ്കതയോടുകൂടിയാണ് പ്രവർത്തിച്ചുവരുന്നതു്. അതുകൊണ്ടു് ഇനിയും അതിനെ മാറ്റി ഇങ്ങിനെ ഒരു ഗ്രൂപ്പ് ആക്കണമെങ്കിൽ ബോർഡ് നിയമംതന്നെ ആകപ്പാടെ ഉടച്ചുവാർക്കേണ്ടിവരും. ഗവൺമെണ്ടിൽനിന്നുതന്നെ മൂന്നു കൊല്ലം കഴിഞ്ഞാൽ ഈ സ്റ്റാഫ് സിലക്ഷൻ ബോർഡ് രൂപീകരിച്ചതിനു ശേഷം ഒരു മാറ്റം വരുത്തുവാനിടയുണ്ടു്. ആ അവസരത്തിൽ മിസ്റ്റർ വള്ളോൻ പറഞ്ഞതുപോലെ ചെയ്യുവാനും എളുപ്പമുണ്ടു്. പുലയസമുദായത്തിൽ Qualified hands ഇല്ലാത്ത അവസരങ്ങളിൽ മാത്രമേ അവരുടെ claim overlook ചെയ്യേണ്ടിവന്നിട്ടുള്ളൂ. Qualified hands-നു കൊടുക്കാതെ വീഴ്ച വന്നിട്ടുണ്ടെങ്കിൽ അതു ചൂണ്ടിക്കാണിച്ചാൽ വേണ്ടതു ചെയ്യുമെന്നു വാഗ്ദാനം ചെയ്യാനും തയ്യാറാണു്".

മിസ്റ്റർ കെ. അയ്യപ്പൻ : പുലയരിൽ Qualified hands ഇല്ലാതെവരുന്നപക്ഷം അവർക്കുകാശപ്പെട്ട ഉദ്യോഗം മറ്റുള്ള അധഃകൃതർക്കു് കൊടുക്കുമോ?

മിസ്റ്റർ കെ. പി. കണ്ണൻനായർ : Communal rotation അനുസരിച്ചു് അടുത്ത സമുദായത്തിനു് കൊടുക്കും. എങ്കിലും പുലയരുടെ claim പോകുകയില്ല.

മിസ്റ്റർ എ. ഈച്ചരമേനോൻ : പുലയൻ എന്നുവെച്ചാൽ ചെറുമനല്ലേ?

മിസ്റ്റർ കെ. പി. കണ്ണൻനായർ : ചില വേട്ടുവരേയും ചില കണക്കരേയും പുലയരായിട്ടു കണക്കാക്കീട്ടുണ്ടു്. ഇങ്ങിനെ പലവിധത്തിലും കാണാനുണ്ടു്. ഇതാണു് ഗവൺമെൻറിന്റെ നില.

ഇതുപോലെതന്നെ Other Hindus-ലും പത്തുപതു ശാഖകൾ ഉണ്ടു്. അവർക്കും ചിലപ്പോൾ ഉദ്യോഗമൊന്നും കിട്ടുന്നില്ല. അതുകൊണ്ടു് സമുദായങ്ങളുടെ പെർസെന്റേജു് മാറണമോ വേണ്ടയോ എന്നകാര്യം Staff Selection Board Rules revise ചെയ്യുന്ന സമയത്തു് ആലോചിക്കാമെന്നു മാത്രമേ പറവാൻ തരമുള്ളൂ.

മിസ്റ്റർ കെ. എസ്സ്. പണിക്കർ : Rotation അനുസരിച്ചു് പുലയർക്കു കൊടുക്കേണ്ട ഉദ്യോഗം അവരിൽ ആരും ഇല്ലാതെവരുമ്പോൾ അവരെപ്പോലെയുള്ള മറ്റധഃകൃതർക്കു കൊടുപ്പാൻ വിരോധമുണ്ടോ?

മിസ്റ്റർ കെ. പി. കണ്ണൻനായർ : റൊട്ടേഷൻ അനുസരിച്ചു് അടുത്ത സമുദായത്തിനു കൊടുക്കണമെന്നാണു് രൂപം.

മിസ്റ്റർ സി. വി. ഐയ്യു : പുലരിൽ ആളുകൾ ഇല്ലെന്നുവന്നാൽ അധഃകൃത സമുദായത്തിൽപെട്ട മറ്റുള്ളവർക്കു് കൊടുക്കുവാൻ വേണ്ടി രൂപം ഭേദഗതി ചെയ്യുമോ?

മിസ്റ്റർ കെ. പി. കണ്ണൻനായർ : ഒന്നായിട്ടു ഒരു മാറ്റം വരുത്തുമ്പോൾ ചെയ്യാമെന്നല്ലാതെ ഇപ്പോൾ ഒന്നും ചെയ്യാൻ നിവൃത്തിയില്ല.

മിസ്റ്റർ കെ. പി. വള്ളോൻ : സർ, ഒരു പറയന്റെ കാര്യം ഞാൻ ഇവിടെ ഉദാഹരണത്തിനുവേണ്ടി പറഞ്ഞു എന്നെയുള്ളൂ. വേട്ടുവരിലും കണക്കരിലും ധാരാളം ആളുകൾ ഉദ്യോഗം കിട്ടാതെയുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. അയ്യപ്പൻ : പറയ സമുദായത്തിൽ ഒരാൾ ഉണ്ട്. അതു പോലെ കണക്ക സമുദായത്തിലും പുലയരിലും ധാരാളമുണ്ടെന്നാണ് പറയുന്നതു്.

മിസ്റ്റർ കെ. പി. വള്ളോൻ : ബോർഡിലേക്കു് അയച്ചിട്ടുള്ള ആപ്ലിക്കേഷൻ വെച്ചുകൊണ്ടാണ് ഞാൻ പറയുന്നതു്. പേരുകൂടി എനിക്കു് നല്ല ഓർമ്മയുണ്ടു്. കുട്ടൻ എന്നാണു് പേരു്. പുലയക്കു കിട്ടുന്നതുപോലെ മറവുള്ളവക്കും കിട്ടണമെന്നാണ് ഈ നിശ്ചയത്തിന്റെ ഉദ്ദേശം. ബോർഡിന്റെ നിശ്ചയം അനുസരിച്ചു് ര് ശതമാനം പുലയക്കുണ്ടു്. അതു് കിട്ടുന്നുമുണ്ടു്. എന്നാൽ അതേവിധത്തിൽ മറവുള്ളവക്കു് കിട്ടുന്നില്ല. Staff Selection Board-ന്റെ റൂൾസു് ഭേദപ്പെടുത്തുവാൻ ഈ നിയമസഭയ്ക്കു് നിവൃത്തിയില്ലെന്നു പറയുന്നതിന്റെ തത്വം എന്തെന്നു് എനിക്കു് മനസ്സിലാകുന്നില്ല. ഇതിൽ പ്രത്യേകിച്ചു് മറ്റു കാര്യം കൂടി എനിക്കു് ഗവൺമെൻറിനോടു് അപേക്ഷിക്കുവാനുണ്ടു്. ഇങ്ങിനെ ഒരു ഭേദഗതി റൂൾസിൽ വരുത്തിയില്ലെങ്കിലും വിരോധമില്ല, ഈ മാതിരി സമുദായങ്ങളിൽ നിന്നും അപേക്ഷകരും വരുമ്പോൾ അവക്കു് ഉദ്യോഗം കൊടുക്കണമെന്നാണു് എന്റെ നിശ്ചയത്തിലെ താല്പര്യം. അതു ചെയ്യണമെന്നു് അപേക്ഷിയ്ക്കുന്നു. ബഹുമാനപ്പെട്ട ഗവൺമെൻറു് ഈ കാര്യത്തിൽ പ്രത്യേകം ശ്രദ്ധ പതിപ്പിക്കാം എന്നു് പറഞ്ഞതുകൊണ്ടു് ഞാൻ ഈ നിശ്ചയത്തെ പിൻവലിക്കുവാൻ അനുവാദം ചോദിച്ചുകൊള്ളുന്നു.

The resolution was, by leave, withdrawn.

5. Veterinary Doctor for Kozhinjanpara.

Mr. A. Eachara Menon (*Chittur-Rural*): Mr. President, Sir, this is not the first time that I move this resolution, before this Council. The resolution runs thus: "*This Council recommends to the Government to permanently station a veterinary doctor at Kozhinjanpara.*"

Kozhinjanpara is a place where there are very valuable bulls and cows. The people of this place have no idea when I say there are very valuable cows. To ask the ryots to take their animals some 14 or 15 miles to go to Thattamangalam for treatment is very hard and is next to impossible, for the animals are huge ones and is not easily transportable. I understand that it has been brought to the notice of the Minister and he has in a way promised to see that he will provide one for Kozhinjanpara. I don't want to state anything more at present before I hear the Government member.

Mr. T. K. Nayar (*Pazhayannur*): I second it.

Dr. A. R. Menon (*Minister for Rural Development*): Sir, many requisitions have been received from various parts for the starting of these veterinary hospitals. This veterinary hospital is rather a costly affair and unless there is a strong case for establishing a veterinary hospital, it will not be in the public interest to multiply it. But I realise that so far as Kozhinjanpara

LIBRARY ARCHIVES Kerala Legislative Assembly